ഡോ.കെ.വാസുകി.ഐ.എ.എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ

ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# പത്രക്കുറിപ്പ്

## ശുചിത്വകേരളം - വാർത്താ പത്രിക പ്രസിദ്ധീകരണം ആരംഭിച്ചു.

'ശുചിത്വകേരളം' - വാർത്താപത്രിക പുറത്തിറക്കി ശുചിത്വ അവബോധം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനായി സംസ്ഥാന ശുചിത്വമിഷൻ "ശുചിത്വകേരളം" എന്ന പേരിൽ പ്രതിമാസ വാർത്തപത്രിക പുറത്തിറക്കി. പത്രികയുടെ പ്രഥമ ലക്കം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറി ടി.കെ.ജോസ്.ഐ.എ.എസിന് നൽകി പ്രകാശനം ചെയ്തു. ശുചിത്വമിഷൻ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്ന പരിപാടികളും, ശുചിത്വമിഷൻ പദ്ധതികളും വിശകലനം ചെയ്യുന്ന വാർത്താ പത്രികയിൽ വിജ്ഞാന പ്രദമായ ലേഖനങ്ങൾ, ജില്ലാ-ബ്ലോക്ക്-ഗ്രാമതലങ്ങളിൽ നിന്നുള്ള വിജയഗാഥകൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ശുചിത്വമിഷൻ ജില്ലാ ഓഫീസുകളുടെ സഹകരണത്തോടെയാണ് വാർത്താപത്രിക തയ്യാറാക്കുന്നത്. പൂർണ്ണമായും സൗജന്യമായി പ്രസിദ്ധീകരിക്കുന്ന വാർത്താപത്രിക തയ്യാറാക്കുന്നത്. പൂർണ്ണമായും സൗജന്യമായി പ്രസിദ്ധീകരിക്കുന്ന വാർത്താപത്രിക തപാലിലോ നേരിട്ടോ ലഭിക്കുന്നതിന് ശുചിത്വമിഷൻ സംസ്ഥാന ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

ഫോട്ടോ ക്യാപ്ഷൻ

| |
|---|
| 'ശുചിത്വ കേരളം' വാർത്താ പത്രിക തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ഡോ.കെ.ടി.ജലീൽ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.ടി.കെ.ജോസ്.ഐ.എ.എസ്ന് നൽകി പ്രകാശനം ചെയ്യുന്നു |

for എക്സിക്യൂട്ടീവ് ഡയറക്ടർ

Swaraj Bhavan, Basement Floor(-1), Kowdiar P.O. Thiruvananthapuram- 695 003
Ph: 0471 – 2316730, 2319831, Fax : 0471 – 2312730, E-mail :suchitwamission@gmail.com

DR